## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 643** **03.03.2020-ൽ മറുപടിയ്ക്ക്**

### കരുനാഗപ്പള്ളി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

| | ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ 1 ന ശേഷം നടപ്പിലാക്കിയിട്ടുള്ള ടൂറിസം പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | എ) | 2016 ഏപ്രിൽ 1 ന് ശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് കരുനാഗപ്പള്ളി ആലുംകടവ് ടൂറിസം അമിനിറ്റി സെന്ററിന്റെ പുനരുദ്ധാരണം. 45 ലക്ഷം രൂപ ഭരണാനുമതി നൽകിയ ഈ പദ്ധതി കൊല്ലം ഡി.റ്റി.പി.സി മുഖേനയാണ് നടപ്പിലാക്കുന്നത്. |
| ബി) | കന്നേറ്റി കായലിനെ കായലോര ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | നിലവിൽ ഡി.റ്റി.പി.സിയുടെ ആഭിമുഖ്യത്തിൽ കന്നേറ്റിയിൽ നിന്ന് ബോട്ട് സർവ്വീസുകൾ നടത്തുന്നുണ്ട്. |
| സി) | കന്നേറ്റി കായലിൽ ചിങ്ങമാസത്തിലെ ചതയദിനാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന ശ്രീനാരായണ ട്രോഫി ജലോത്സവം ലീഗ് മത്സരത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | ഈ വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗിൽ കന്നേറ്റി കായലിൽ നടത്തുന്ന വള്ളംകളി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ നടത്തിപ്പിനായി രൂപീകരിച്ച "ചാമ്പ്സ് ബോട്ട് ലീഗ് ലിമിറ്റഡ്" കമ്പനിയുടെ ബോർഡ് മീറ്റിങ്ങിൽ അവതരിപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ